"ഭരണഭാഷ - മാതൃഭാഷ"

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 2422219, ഇ-മെയിൽ : jdlsgdekm@gmail.com

---

**തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ 10.07.2025 തീയതിയിലെ മൂന്നാം നമ്പർ തീരുമാനം.**

ശ്രീ.സി.എസ്.അബീബ്, 16/1034.സി, സിത്താര, തോപ്പുംപടി, കൊച്ചി, പിൻ-682005 എന്നയാൾ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സിറ്റിസൺ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിൽ 10.07.2025 തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് അദാലത്ത് ഓൺലൈനായി ചേർന്നിട്ടുള്ളതാണ്.

ഹാജർ

(1)ശ്രീ.മണികണ്ഠൻ.സി, ഇന്റേണൽ വിജിലൻസ് ഓഫീസർ-1,
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശസ്വയംഭരണ വകുപ്പ്,
എറണാകുളം.

(2)ശ്രീമതി.മഞ്ജു, ഡെപ്യൂട്ടി ടൌൺപ്ലാനർ,
തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.

(3)ശ്രീമതി.ഷൈലജ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.

(4)സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്

(5)ശ്രീ.സി.എസ്.അബീബ്

അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന വിഷയം

അപേക്ഷകൻ ഏകദേശം 16 വർഷത്തോളമായി Sithara Indane Gas എന്ന പേരിൽ IOC Limited ന്റെ LPG വിതരണ ഏജൻസി നടത്തിവരികയാണെന്നും, വിതരണ ഏജൻസിയുടെ ഓഫീസ് ഫോർട്ട് കൊച്ചിയിലും, ഗോഡൌൺ ചെല്ലാനം ഗ്രാമപഞ്ചായത്തിലുമാണ് ഉള്ളതെന്നും, എന്നാൽ 2018 മുതൽ ശ്രീ.കൃഷൻദേവ് ഗൌർ എന്ന വ്യക്തി അപേക്ഷകനെതിരെ പലവിധ പരാതികൾ നൽകി ബുദ്ധിമുട്ടിക്കുകയാണെന്നും ശ്രീ.കെ.ഡി.ഗൌറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹു .തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് തുടർനടപടികൾ സ്വീകരിച്ചതിനാൽ ബഹു.ഹൈക്കോടതിയിൽ നിന്ന് അപേക്ഷകൻ താൽക്കാലിക സ്റ്റേ സമ്പാദിച്ചിട്ടുണ്ടെന്നും , അതിനെ തുടർന്ന് സ്ഥാപനത്തിന്റെ ലൈസൻസ് കഴിഞ്ഞ വർഷം വരെ പുതുക്കിയിട്ടുള്ളതാണെന്നും , എന്നാൽ ഇപ്രാവശ്യം ലൈസൻസ് പുതുക്കി നൽകാൻ സെക്രട്ടറി തയ്യാറായിട്ടില്ലെന്നും ആയതിനാൽ ആവശ്യമായ അന്വേഷണം നടത്തി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷകൻ പറഞ്ഞിരിക്കുന്നു.

അദാലത്തിൽ പങ്കെടുത്ത ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി താഴെപ്പറയുന്ന കാര്യങ്ങൾ വിശദീകരിച്ചിട്ടുള്ളതാണ്.

ശ്രീ.സി.എസ്.അബീബ് ന്റെ ഉടമസ്ഥതയിലുള്ള സിത്താര ഗ്യാസ് ഏജൻസി എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 5/265 നമ്പർ കെട്ടിടം 35 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള ഉപയോഗക്രമം ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടമായും, 5/266 നമ്പർ കെട്ടിടം 58 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള ഗോഡൌണുകൾ എന്ന ഉപയോഗക്രമത്തിലുമാണ് നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടി കെട്ടിടങ്ങൾ കടൽ ഭിത്തിയിൽ നിന്നും 9 മീറ്റർ മാറി തീരദേശ നിയന്ത്രണരേഖയിലുമാണ് സ്ഥിതി ചെയ്യുന്നത്. 58 ച.മീറ്റർ വിസ്തീർണ്ണമുള്ള 5/266 നമ്പർ കെട്ടിടം 143.3 ച.മീറ്റർ ആയി ടിയാൻ പുനർനിർമ്മിച്ചതിന്റെ അടിസ്ഥാനത്തിൽ 18.01.2020 തീയതിയിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 235 (W) പ്രകാരം അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് നൽകിയ നോട്ടീസിനെതിരെ ഗ്രാമപഞ്ചായത്തിനെ എതിർകക്ഷിയാക്കി ബഹു.കൊച്ചി മുൻസിഫ് കോടതിയിൽ OS No.166/2020 ആയി അന്യായം ഫയൽ ചെയ്യുകയും, 17.06.2020 ലെ IA No.02/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിനെ ടി വസ്തുവിനും കെട്ടിടത്തിനും കേടുപാട് വരുത്തുന്നതിൽ നിന്നും വാദിയുടെ ബിസിനസ്സിനെ തടസ്സപ്പെടുത്തുന്നതിൽ നിന്നും വിലക്കി ഉത്തരവായിട്ടുണ്ടെന്നും, ടി കേസ് ഇപ്പോഴും ബഹു.കൊച്ചി മുൻസിഫ് കോടതിയുടെ പരിഗണനയിലാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01.12.2022 ലെ നം.ആർ.ബി-1/46/2021 തസ്വഭവ കത്തിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20.01.2023 ൽ നൽകിയ ജെ.സി-1/4612/22 നമ്പർ കത്തിനെ തുടർന്ന് ശ്രീ.സി.എസ്.അബീബ് ബഹു.ഹൈക്കോടതിയിൽ WP(C) No.7495/2023 ആയി കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി ടി സ്ഥാപനത്തിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണെന്നും, എന്നാൽ ഇപ്പോൾ, ബഹു.ഹൈക്കോടതിയുടെ 07.07.2025 ലെ IA No.3/2025 in WP(C)No.7495/2023 ഉത്തരവ് പ്രകാരം ടി സ്ഥാപനത്തിന്റെ ലൈസൻസ് ബഹു .ഹൈക്കോടതിയിലുള്ള കേസിന്റെ അന്തിമവിധിക്ക് വിധേയമായി പുതുക്കി നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ് എന്നും സെക്രട്ടറി അറിയിച്ചു.

തീരുമാനം 3 :

ശ്രീ.സി.എസ്.അബീബ് ന്റെ ഉടമസ്ഥതയിലുള്ള സിത്താര ഗ്യാസ് ഏജൻസിയുടെ ചെല്ലാനം ഗ്രാമപഞ്ചായത്തിലുള്ള ഗ്യാസ് ഗോഡൌണിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അദ്ദേഹം തന്നെ ഫയൽ ചെയ്ത WP(C) No.7495/2023 നമ്പർ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലും OS No.166/2020 നമ്പർ കേസ് ബഹു.കൊച്ചി മുൻസിഫ് കോടതിയുടെ പരിഗണനയിലുമാണ് ഉള്ളത്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ബഹു .കോടതിയുടെ ഉത്തരവുകൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

സി.മണികണ്ഠൻ
ഇന്റേണൽ വിജിലൻസ് ഓഫീസർ -1
തദ്ദേശസ്വയം ഭരണ വകുപ്പ്
എറണാകുളം